**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1531** **07-10-2021 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ താലൂക്കിലെ ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് ബോട്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | പ്രളയവും വെള്ളപ്പൊക്ക ഭീഷണിയും തുടർച്ചയായി ഉണ്ടാകാറുള്ള നിലമ്പൂർ താലൂക്കിലെ ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് ബോട്ടുകൾ ഉപയോഗിക്കുന്നതിന് താൽപര്യമുള്ള സന്നദ്ധ പ്രവർത്തകർക്കും സംഘടനകൾക്കും ശാസ്ത്രീയ പരിശീലനവും ബോട്ടുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള നിയമാനുസൃത ലൈസൻസുകളും നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | 2010 ലെ കേരള ഇൻലാന്റ് വെസൽ റൂൾ അനുശാസിക്കുന്ന യോഗ്യതകൾ ഉള്ളവർക്കാണ് ബോട്ട് പ്രവർത്തിപ്പിക്കുന്നതിനുള്ള അനുമതി നൽകി വരുന്നത്. കേരളാ മാരിടൈം ബോർഡിന്റെ ചീഫ് എക്സാമിനർ നടത്തുന്ന പരീക്ഷകൾക്ക് സ്വകാര്യ വ്യക്തികൾക്കും സംഘടനകൾക്കും തദ്ദേശ സ്ഥാപനങ്ങൾക്കും അപേക്ഷ നൽകാവുന്നതാണ്. കേരളാ മാരിടൈം ബോർഡ് നൽകുന്ന 4 ദിവസത്തെ ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കുകയും എഴുത്ത് / പ്രാക്ടിക്കൽ പരീക്ഷകൾ പാസ്സാകുന്നവർക്കും ലൈസൻസ് നൽകിവരുന്നു. |
| (ബി) | നിയമാനുസൃത ലൈസൻസുകൾക്കുള്ള അപേക്ഷകൾ സമർപ്പിക്കേണ്ടത് എവിടെയാണെന്നും ലൈസൻസ് അനുവദിക്കുന്നത് ആരാണെന്നും ആയതിനുള്ള യോഗ്യതയും ഫീസും നടപടികളും വിശദമാക്കാമോ;? | (ബി) | നിലമ്പൂർ മേഖലയിലെ ബോട്ടുകൾക്കുള്ള ലൈസൻസി നുള്ള അപേക്ഷകൾ ബേപ്പൂർ പോർട്ട് ഓഫ് രജിസ്ട്രിയിലാണ് സമർപ്പിക്കേണ്ടത്. ലൈസൻസ് അനുവദിക്കുന്നത് ചീഫ് എക്സാമിനറാണ്. കെ.ഐ.വി റൂൾസ് 2010 പ്രകാരം ലസ്കർ, സ്രാങ്ക് കം ഡ്രൈവർ , സ്രാങ്ക്, ഡ്രൈവർ, മാസ്റ്റർ, എഞ്ചിൻ ഡ്രൈവർ, എഞ്ചിനീയർ എന്നീ ലൈസൻസുകളാണ് നൽകുന്നത്. ഇതിനായി കെ.ഐ.വി റൂൾസ് 2010 പ്രകാരമുള്ള യോഗ്യതയുള്ളവർ നിശ്ചിതഫീസടച്ച് പോർട്ട് ഓഫ് രജിസ്ട്രിയിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ